**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1444** **08-12-2022 - ൽ മറുപടിയ്ക്ക്**

**സ്കൂൾ പാഠ്യ പദ്ധതി പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | രാജ്യത്താദ്യമായി വിദ്യാർത്ഥികളുടേയും പൊതുജനങ്ങളുടേയും അഭിപ്രായങ്ങൾ സ്വരൂപിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്ന സ്കൂൾ പാഠ്യ പദ്ധതി പരിഷ്കരണം വിദ്യാഭ്യാസ രംഗത്ത് എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടാക്കാൻ പോകുന്നതെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സ്കൂൾ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിച്ചിട്ട് 15 വർഷം പിന്നിടുകയാണ്. ഈ കാലഘട്ടത്തിൽ ശാസ്ത്രസാങ്കേതിക രംഗത്തും ഇതര വൈജ്ഞാനിക മേഖലകളിലും ഉണ്ടായ വളർച്ചയും വികാസവും പരിഗണിച്ചായിരിക്കും പാഠ്യപദ്ധതി പരിഷ്കരണം നടപ്പിലാക്കുക. ഇതിലേക്കായി വിപുലമായ ജനകീയ ചർച്ചകളാണ് നടത്തിവരുന്നത്. സ്കൂൾതലം മുതൽ സംസ്ഥാനതലം വരെ എല്ലാ വിഭാഗം ജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ജനകീയ ചർച്ചകൾ പൂർത്തിയായി വരുന്നു. കൂടാതെ പാഠ്യപദ്ധതിയുടെ സുപ്രധാന ഗുണഭോക്താക്കളായ കുട്ടികളെ പങ്കെടുപ്പിച്ചിട്ടുള്ള പ്രത്യേകമായ ചർച്ചകളും സ്കൂൾതല ചർച്ചകളും നടത്തി. നിശ്ചയിച്ച ദിവസം കേരളത്തിലെ എല്ലാ ക്ലാസ് മുറികളിലും പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട ചർച്ച നടത്തി. കേരളത്തെ ഒരു വൈജ്ഞാനിക സമൂഹമായി പരിവർത്തിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് പാഠ്യപദ്ധതി പരിഷ്കരണത്തിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. 26 വ്യത്യസ്ത ഫോക്കസ് മേഖലകളെ അടിസ്ഥാനമാക്കി നടക്കുന്ന ജനകീയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ച് ഓരോ ഫോക്കസ് മേഖലയുടെയും പൊസിഷൻ പേപ്പറുകൾ പ്രസിദ്ധീകരിക്കുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ പാഠ്യപദ്ധതി ചട്ടക്കൂടുകൾ രൂപീകരിച്ച് പാഠപുസ്തകങ്ങൾ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്നതാണ്. ഒന്നാംഘട്ടം പാഠപുസ്തകങ്ങൾ 2024-25 അധ്യയന വർഷം നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. പ്രസ്തുത പാഠ്യപദ്ധതി പരിഷ്ക്കരണത്തിലൂടെ ശാസ്ത്രബോധമുള്ള, ജനാധിപത്യമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന, മാനവികതയുള്ള, സാമൂഹിക പ്രതിബദ്ധതയുള്ള, ഒരു ഭാവി തലമുറയെ |

| | | | |
|---|---|---|---|
| | | | രൂപപ്പെടുത്തുന്നതിന് സാധിക്കുമെന്നാണ് കരുതുന്നത്. |
| (ബി) | പരിഷ്കരിച്ച പാഠ്യപദ്ധതി എന്ന് മുതൽ നടപ്പാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;വിശദമാക്കാമോ? | (ബി) | 2023 ഫെബ്രുവരി മാസത്തോടെ സ്കൂൾ വിദ്യാഭ്യാസം, പ്രീ-പ്രൈമറി വിദ്യാഭ്യാസം, അധ്യാപക വിദ്യാഭ്യാസം, മുതിർന്നവരുടെ വിദ്യാഭ്യാസം എന്നിങ്ങനെ 4 പാഠ്യപദ്ധതി ചട്ടക്കൂടുകൾ പ്രസിദ്ധീകരിക്കും. ഇതിന്റെ അടിസ്ഥാനത്തിൽ സിലബസും പാഠപുസ്തകങ്ങളും 2023 ഒക്ടോബർ 31 നകം തയ്യാറാക്കും. 2024-25 അധ്യയനവർഷം ഒന്നാംഘട്ടമായി പരിഷ്ക്കരിച്ച പാഠപുസ്തകങ്ങൾ നിലവിൽ വരും. 2025-26 അധ്യയനവർഷത്തോടെ എല്ലാ ക്ലാസുകളിലും പുതിയ പാഠപുസ്തകങ്ങൾ നിലവിൽ വരും. |

സെക്ഷൻ ഓഫീസർ